# Deepika

## 23 August 2018

## Paravoor: After flood, flood relief, Camps

# ക്യാമ്പുകളിൽ ക്ഷാമം ഒഴിവാക്കാൻ സംവിധാനമൊരുക്കും: മന്ത്രി ശൈലജ

**'ആരോഗ്യകരവും നിലവാരവുമുള്ള ജീവിതം ക്യാമ്പുകളിൽ ഉറപ്പാക്കാൻ എല്ലാവരും ശ്രമിക്കണം. വീടുകളിലേക്ക് മടങ്ങുന്നവർക്ക് ആദ്യഘട്ടത്തിൽ പിടിച്ചുനിൽക്കാനുള്ള എല്ലാ സഹായവും നൽകണം'**

**പറവൂർ:** ദുരിതാശ്വാസ ക്യാമ്പുകളുടെ നടത്തിപ്പിന് സർക്കാർ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ കമ്മിറ്റികൾ രൂപീകരിക്കുമെന്ന് ആരോഗ്യ മന്ത്രി കെ.കെ. ശൈലജ അറിയിച്ചു. ക്യാമ്പുകളിലെ ആവശ്യത്തിനനുസരിച്ച് ഭക്ഷണവും മറ്റ് സാധനസാമഗ്രികളും ലഭ്യമാക്കാൻ നടപടി സ്വീകരിക്കും.

ക്യാമ്പുകളിൽ ആവശ്യത്തിലധികം സാധനങ്ങൾ കെട്ടിക്കിടക്കാതിരിക്കാനും ക്ഷാമം ഒഴിവാക്കാനും സംവിധാനമുണ്ടാക്കുമെന്നും മന്ത്രി പറഞ്ഞു. ജില്ലയിലെ ദുരിതാശ്വാസ, ശുചീകരണ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാനെത്തിയ മന്ത്രി പറവൂർ താലൂക്ക് ഓഫീസിൽ ജനപ്രതിനിധികളുടേയും ഉദ്യോഗസ്ഥരുടേയും യോഗത്തിൽ സംസാരിക്കുകയായിരുന്നു.

ആരോഗ്യകരവും നിലവാരവുമുള്ള ജീവിതം ക്യാമ്പുകളിൽ ഉറപ്പാക്കാൻ എല്ലാവരും ശ്രമിക്കണം. ആവശ്യങ്ങൾക്കായി ക്യൂ നിൽക്കേണ്ട സാഹചര്യമുണ്ടാകരുത്. വീടുകളിലേക്ക് മടങ്ങുന്നവർക്ക് ആദ്യഘട്ടത്തിൽ പിടിച്ചുനിൽക്കാനുള്ള എല്ലാ സഹായവും നൽകണം. ജനപ്രതിനിധികളുടെ നേതൃത്വത്തിൽ പ്രാദേശികതലത്തിൽ ഇതിനുള്ള സൗകര്യമൊരുക്കണമെന്നും മന്ത്രി നിർദേശിച്ചു.

ദുരിതബാധിതർക്ക് സഹായമെത്തിക്കുന്നതിന് വിവിധ സ്ഥലങ്ങളിൽ നിന്നും ജില്ലകളിലേക്ക് സാധനസാമഗ്രികൾ എത്തുന്നുണ്ട്. ഇവ തരം തിരിച്ച് ക്യാമ്പുകളിലെത്തിക്കുക പ്രയാസകരമായ ജോലിയാണ്. ജില്ലാതലത്തിൽ കളക്ടർമാരുടെ നേതൃത്വത്തിലുള്ള ശേഖരണകേന്ദ്രങ്ങൾ ആരംഭിച്ചിരിക്കുന്നത് ഈ ലക്ഷ്യത്തോടെയാണ്. വോളണ്ടിയർമാരുടെ സഹായത്തോടെ ഇവ തരംതിരിച്ച് ക്യാമ്പുകളിലെത്തിക്കണം.

പ്രളയജലം കയറിയിറങ്ങിയ മേഖലകളിലെ വീടുകളും സ്ഥാപനങ്ങളും പൊതുസ്ഥലങ്ങളും ശുചീകരിക്കുന്നതിന് എല്ലാ വിഭാഗം ജനങ്ങളും മുന്നിട്ടിറങ്ങണം. ഈ പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് ആരോഗ്യവകുപ്പിന്റെ കൺട്രോൾ റൂം ജില്ലയിൽ ജനറൽ ആശുപത്രി കേന്ദ്രീകരിച്ച് പ്രവർത്തിക്കും. കളക്ടറേറ്റിലെ ഡിസ്ട്രിക്ട് എമർജൻസി ഓപ്പറേഷൻസ് സെന്ററിലും ഏകോപനത്തിന് സൗകര്യമൊരുക്കും. ശുചീകരണം കാര്യക്ഷമമാക്കുന്നതിന് വിദഗ്ധ സാങ്കേതിക പിന്തുണ ലഭ്യമാക്കുമെന്നും മന്ത്രി പറഞ്ഞു. മാലിന്യ നിർമാർജനം, കേടായ മരുന്നുകളുടെ സംസ്കരണം, ടോയ്‌ലറ്റ് മാലിന്യം നീക്കം ചെയ്യൽ എന്നിവയും അതീവശ്രദ്ധയോടെ ചെയ്യേണ്ട കാര്യങ്ങളാണ്. ക്ലോറിനേഷൻ നടത്തുമ്പോൾ ആരോഗ്യവകുപ്പിന്റെ നിർദേശങ്ങൾ പാലിക്കണമെന്നും കൂടുതൽ അളവിൽ ബ്ലീച്ചിങ് പൗഡർ ഉപയോഗിച്ച് പാർശ്വഫലങ്ങൾ ഉണ്ടാക്കരുതെന്നും മന്ത്രി നിർദേശിച്ചു.

ജില്ലാ കളക്ടർ മുഹമ്മദ് സഫീറുള്ള അധ്യക്ഷത വഹിച്ചു. കെ.വി.തോമസ് എംപി, എംഎൽഎമാരായ വി.ഡി. സതീശൻ, വി.കെ. ഇബ്രാഹിംകുഞ്ഞ്, ജോൺ ഫെർണാണ്ടസ്, പറവൂർ നഗരസഭാ ചെയർമാൻ രമേഷ് ഡി.കുറുപ്പ്, ഏലൂർ നഗരസഭ ചെയർപേഴ്സൺ സി.പി. ഉഷ, ആരോഗ്യവകുപ്പ് ഡയറക്ടർ ഡോ. ആർ.എൽ. സരിത, ഫോർട്ടുകൊച്ചി ആർഡിഒ എസ്. ഷാജഹാൻ, ഡപ്യൂട്ടി കളക്ടർമാരായ സുരേഷ്കുമാർ, ഷീലാദേവി, പറവൂർ താലൂക്കിലെ വിവിധ ഗ്രാമപഞ്ചായത്തുകളുടെ പ്രസിഡന്റുമാർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.